**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2096** **09-12-2022 - ൽ മറുപടിയ്ക്ക്**

**പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയിൽ കെ.എസ്.ആർ.ടി.സി. സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയിൽ നിലവിൽ നടത്തുന്ന 58 സർവീസുകൾ ഏതൊക്കെ സ്ഥലങ്ങൾക്കിടയിലാണെന്ന് അറിയിക്കാമോ; ഇവയിൽ ഭൂരിഭാഗവും പുനലൂർ-റാന്നി മേഖലയിൽ മാത്രമാണെന്നും ബാക്കിയുള്ള മേഖല ഇതിൽ ഉൾപ്പെട്ടിട്ടില്ലായെന്നുമുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇത്തരത്തിൽ അപാകത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയിലെ പ്രധാന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി വിവിധ ഡിപ്പോകളിൽ നിന്നും ഹ്രസ്വദൂര, ദീർഘദൂര സർവ്വീസുകൾ ആവശ്യാനുസരണം നടത്തുന്നുണ്ട്. പ്രസ്തുത റൂട്ടിലെ പത്തനാപുരം മുതൽ പുനലൂർ വരെയും, പത്തനംതിട്ട മുതൽ എരുമേലി വരെയും, പുനലൂർ - റാന്നി റൂട്ടിലും , മൂവാറ്റുപുഴ - തൊടുപുഴ റൂട്ടിലും, പാല - പൊൻകുന്നം - മണിമല റൂട്ടിലും വിവിധ യൂണിറ്റിൽ നിന്നും ആകെ 141 സർവ്വീസുകൾ നടത്തി വരുന്നുണ്ട്.<br><br>പത്തനാപുരം - 3<br><br>കോന്നി - 5<br><br>കുളത്തുപ്പുഴ - 2<br><br>പുനലൂർ - 6<br><br>കിളിമാനൂർ - 2<br><br>തിരുവനന്തപുരം സെൻട്രൽ - 9<br><br>കൊട്ടാരക്കര - 1<br><br>മല്ലപ്പള്ളി - 1<br><br>അടൂർ - 3<br><br>പത്തനംതിട്ട - 11<br><br>റാന്നി - 6 |

| | | | |
|---|---|---|---|
| | | | കട്ടപ്പന - 6<br><br>പാല - 24<br><br>കുമിളി - 2<br><br>മൂവാറ്റുപുഴ - 15<br><br>തൊടുപുഴ - 20<br><br>ഈരാറ്റുപേട്ട - 4<br><br>എരുമേലി - 5<br><br>നെടുങ്കണ്ടം - 2<br><br>പൊൻകുന്നം - 13<br><br>മൂലമറ്റം - 1<br><br>---------------<br><br>ആകെ 141 |
| (ബി) | പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ പൂർണ്ണമായ പ്രയോജനം ലഭിക്കാൻ പ്രസ്തുത പാതയിലുടനീളം അന്തർജില്ലാ സർവീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ; | (ബി) | പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയിലൂടെ കൂടുതൽ സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>വരുമാനക്കുറവ് മൂലം നടത്തുവാൻ കഴിയാത്ത റൂട്ടുകളിലെ പ്രധാന ട്രിപ്പുകൾ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മേൽ പ്രകാരം വിശദമായ സാദ്ധ്യതാപഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി പുനലൂർ - മൂവാറ്റുപുഴ റൂട്ടിൽ കൂടുതൽ യാത്രാ സൗകര്യം ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ